


# ശ്രീ ചട്ടമ്പിസ്വാമി സാംസ്കാരിക സമിതി

രജി. നമ്പർ : ഠ. 780/09,

മണക്കാട്, തിരുവനന്തപുരം, ഫോൺ : 9249542624


Press Release
10-09-2017

## ചട്ടമ്പി സ്വാമി ജയന്തി ആഘോഷിച്ചു.

തിരുവനന്തപുരം : പരമഭട്ടാരക ചട്ടമ്പി സ്വാമി തിരുവടികളുടെ 164-ാംമത് ജയന്തി ആഘോഷങ്ങൾ മണക്കാട് മാർക്കറ്റ് ജംഗ്ഷനിൽ ചട്ടമ്പി സ്വാമി സാംസ്കാരിക സമിതിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചു. ജയന്തി സമ്മേളന ഉദ്ഘാടനം മുൻ അഡീഷണൽ ചീഫ് സെക്രട്ടറി **ഡോ.ഡി.ബാബുപോൾ** നിർവ്വഹിച്ചു. അധഃസ്ഥിതരുടെ ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിച്ച ചട്ടമ്പി സ്വാമി സമൂഹത്തിൽ നന്മപടർത്തിയ മഹാന്മാരിൽ മഹാനായിരുന്നുവെന്ന് അദ്ദേഹം അനുസ്മരിച്ചു. ജയന്തി ആഘോഷങ്ങളുടെ ഭാഗമായി ഏർപ്പെടുത്തിയിരിക്കുന്ന ചട്ടമ്പിസ്വാമി പുരസ്കാരം ദേവസ്വം ടൂറിസം വകുപ്പ് **മന്ത്രി കടകംപള്ളി സുരേന്ദ്രന്** ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി **സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി** സമ്മാനിച്ചു. മുൻമേയർ അഡ്വ.ചന്ദ്രിക, കെ.പി.രാമചന്ദ്രൻ നായർ, കലാമണ്ഡലം വിമലമേനോൻ, എസ്. വിജയകുമാർ, സബീർ തിരുമല, ആറ്റുകാൽ ഗോപിനാഥൻ നായർ എന്നിവർ അനുസ്മരണ പ്രഭാഷണം നടത്തി. ചട്ടമ്പിസ്വാമി സാംസ്കാരിക സമിതി പ്രസിഡന്റ് എസ്.ആർ.കൃഷ്ണകുമാർ അദ്ധ്യക്ഷനായിരുന്ന യോഗത്തിന് മണക്കാട് രാമചന്ദ്രൻ കൃതജ്ഞത രേഖപ്പെടുത്തി.

ഫോട്ടോ ക്യാപ്ഷൻ : ചട്ടമ്പി സ്വാമി ജയന്തി ആഘോഷങ്ങൾ ഡോ.ഡി.ബാബുപോൾ ഉദ്ഘാടനം ചെയ്യുന്നു. സബീർ തിരുമല, അഡ്വ.കെ.ചന്ദ്രിക, മന്ത്രി കടകംപള്ളി സുരേന്ദ്രൻ, സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി, എസ്.ആർ.കൃഷ്ണകുമാർ, ആറ്റുകാൽ ഗോപിനാഥൻ നായർ തുടങ്ങിയവർ സമീപം.